ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് 23 ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്.

(ബി) ഒന്ന്. തിരുവനന്തപുരം റൂറൽ ജില്ലയിൽ മേനംകുളം കിൻഫ്രാ പാർക്കിൽ പ്രവർത്തിക്കുന്ന കമ്പനി മുന്നിൽ സമരം ചെയ്തവരെ പിരിച്ചു വിടാൻ മുന്നറിയിപ്പില്ലാതെ ലാത്തിച്ചാർജ്ജ് നടത്തി.

(സി) ഒന്ന്. എറണാകുളം റൂറൽ ജില്ലയിൽ വിദ്യാഭ്യാസ ബന്ദിനോടനുബന്ധിച്ച് എസ്.സി.എം.എസ്. കോമ്പൗണ്ടിൽ അതിക്രമിച്ച് കയറിയ കെ.എസ്.യു. പ്രവർത്തകർക്കുനേരെ പോലീസ് ലാത്തിച്ചാർജ്ജ് നടത്തി.

(ഡി) പ്രസ്തുത ലാത്തിച്ചാർജ്ജുകളിൽ 43 പേർക്ക് പരിക്കേറ്റു.

(ഇ) പ്രസ്തുത ലാത്തിച്ചാർജ്ജുകളിൽ 22 കേസ്സുകൾ രജിസ്റ്റർ ചെയ്തു.

(എഫ്) പ്രസ്തുത ലാത്തിച്ചാർജ്ജുകളിൽ പോലീസ് അതിക്രമം നടന്നതായി കേസ്സുകളില്ല. പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജ് പരിസരത്ത് സാമൂഹ്യവിരുദ്ധശല്യം തടയുന്നതിനുള്ള നടപടികൾ

33(238) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് പരിസരത്ത് സാമൂഹ്യവിരുദ്ധരുടെയും മോഷ്ടാക്കളുടെയും ശല്യം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മെഡിക്കൽ കോളേജ് പരിസരത്ത്നിന്നും എത്ര വാഹനമോഷണങ്ങൾ റിപ്പോർട്ടുചെയ്തുവെന്ന് വ്യക്തമാക്കാമോ ;

(സി) മെഡിക്കൽ കോളേജ് പരിസരത്ത് പാർക്കുചെയ്യുന്ന വാഹനങ്ങളിൽ നിന്നും മൊബൈൽ ഫോൺ, ക്യാമറ, ഹെൽമറ്റ്, മറ്റു വില പിടിപ്പുള്ള സാധനങ്ങൾ എന്നിവ മോഷണം നടത്തുന്നത് തടയാൻ എന്തൊക്കെ മുൻകരുതലുകളും നടപടികളും സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 17 വാഹന മോഷണങ്ങൾ റിപ്പോർട്ടായിട്ടുണ്ട്.

(സി) മെഡിക്കൽ കോളേജ് പരിസരത്ത് മാത്രി പകൽ ഭേദമെന്യേ പോലീസ് ഉദ്യോഗസ്ഥരെ വാഹന മോഷ്ടാക്കളെ കണ്ടെത്തുന്നതിനായി നിയോഗിച്ചു നിരീക്ഷണം നടത്തി വരുന്നതോടൊപ്പം ഇക്കാര്യത്തിൽ തിരുവനന്തപുരം സിറ്റി സ്പെഷ്യൽ ബ്രാഞ്ചിന്റെ സേവനവും വിനിയോഗിച്ചിട്ടുണ്ട്. ഇതിനും പുറമെ റിപ്പോർട്ടായ കുറ്റകൃത്യങ്ങളിൽ ഊർജ്ജിതമായ അന്വേഷണം

LIBRARY ARCHIVES Kerala Legislative Assembly

നടത്തി പ്രതികളെ/കുറ്റവാളികളെ കണ്ടെത്താൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്

ലോട്ടറി തട്ടിപ്പ് കേസുകൾ

34(239) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ്. എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ). ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോട്ടറി തട്ടിപ്പിനെ സംബന്ധിച്ച് സംസ്ഥാന പോലീസ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് : ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) സാന്റിയാഗോ മാർട്ടിനെതിരെ എത്ര കേസുകൾ എടുത്തിട്ടുണ്ട്; ഇതിന്റെ പൂർണ്ണവിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ട്രാഫിക് നിയമം ലംഘിക്കുന്ന ഡ്രൈവർമാരിൽ നിന്നുള്ള പിഴ

35(240) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ട്രാഫിക് തടസ്സം കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ട്രാഫിക് നിയമം തെറ്റിക്കുന്നവരെ കണ്ടെത്തി പിഴയീടാക്കുന്നതിന് ഡിജിറ്റൽ ക്യാമറകളും സെൻസറുകളും എവിടങ്ങളിലൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളത് ;

(ബി) ട്രാഫിക് നിയമം തെറ്റിക്കുന്ന വാഹന ഉടമകളിൽ നിന്നല്ലാതെ ഡ്രൈവർമാരിൽനിന്നും പ്രസ്തുത പിഴ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം സിറ്റിയിൽ.

1. വെള്ളയമ്പലം
2. മ്യൂസിയം
3. ആർ.ആർ. ലാമ്പ്
4. രക്തസാക്ഷി മണ്ഡപം
5. വി.ജെ.ടി. ഹാൾ

LIBRARY ARCHIVES Kerala Legislative Assembly